പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4007 — 15.03.2017 ൽ മറുപടിക്ക്

## ദേവസ്വം ബോർഡുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. രാജഗോപാൽ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) ഇപ്രാവശ്യത്തെ മണ്ഡല - മകരവിളക്ക് ഉത്സവങ്ങളുടെ കാലയളവിൽ ശബരിമലയിലെ വരുമാനം എത്രയാണ്; ഈ കാലയളവിൽ ശബരിമലയിലെ പ്രത്യേക സൗകര്യങ്ങൾക്കായി ഒരുക്കിയ പോലീസ്, ആരോഗ്യം, ശുചീകരണം, വൈദ്യുതി, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയവയ്ക്ക് എത്ര രൂപയാണ് ചെലവഴിച്ചത്; | (എ) ഇപ്രാവശ്യം മണ്ഡല - മകരവിളക്ക് ഉത്സവ കാലയളവിൽ ശബരിമലയിലെ വരുമാനം 243,69,46,651 രൂപയാണ്. സർക്കാർ ശബരിമലയിലെ ശുചികരണ പ്രവർത്തനങ്ങൾക്ക് 2 കോടി രൂപയും, മുന്നൊരുക്കങ്ങൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് 2.20 കോടി രൂപയും. മുൻസിപ്പാലിറ്റികൾക്ക് 80,00,000/- രൂപയും, ആരോഗ്യവകുപ്പിലെ മെഡിക്കൽ ടീമിന് 80,00,000/- രൂപയും, മോട്ടോർ വെഹിക്കിൾ വകുപ്പിന് 71,46,400/-രൂപയും, പോലീസിന് മെസ് ഇനത്തിൽ 1.75 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് 1,56,46,103/- രൂപ അനുവദിച്ചിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾക്കാവശ്യമായ ജോലികളിൽ ബാരിക്കേട് നിർമ്മാണം തുടങ്ങി പോലീസ് നിർദ്ദേശിക്കുന്ന ജോലികൾക്ക് ദേവസ്വം ബോർഡും ഫണ്ട് ചെലവാക്കു ന്നുണ്ട്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ചെലവുകളും, വൈദ്യുതി ബില്ല് ഇനത്തിൽ കെ. എസ്. ഇ.ബി ക്ക് വരുന്ന ചെലവ് ദേവസ്വം ബോർഡാണ് നൽകുന്നത്. |

| | | | |
|---|---|---|---|
| (ബി) | കൊച്ചിൻ ദേവസ്വം, തിരുവിതാംകൂർ ദേവസ്വം, ഗുരുവായൂർ ദേവസ്വം, മലബാർ ദേവസ്വം എന്നിവയുടെ കീഴിൽ എത്ര ക്ഷേത്രങ്ങളാണ് ഉള്ളത്; അവയുടെ ലിസ്റ്റ് നൽകുമോ; പ്രസ്തുത ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം എത്രയാണ്; | (ബി) | കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ 403 ക്ഷേത്രങ്ങളാണ് ഉള്ള ലിസ്റ്റ് അനുബന്ധം. I ആയി ചേർത്തിരിക്കുന്നു. പ്രസ്തുത ക്ഷേത്ര ങ്ങളിൽ നിന്നുള്ള വരുമാനം ഏകദേശം 88,63,25,668/- രൂപയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1250 ക്ഷേത്രങ്ങളാണ് ഉള്ളത്. ലിസ്റ്റ് *അനുബന്ധം. II ആയി* ചേർത്തിട്ടുണ്ട്. ശബരിമല ഒഴികെ ഈ ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം ഏകദേശം 87,00,00,000/- രൂപയാണ്. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 13 ക്ഷേത്രങ്ങൾ ഉള്ളത് *അനുബന്ധം. III ആയി* ചേർത്തിട്ടുണ്ട്. ഈ ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം 550404745 രൂപയാണ്. ഗുരുവായൂർ ക്ഷേത്രത്തിലെ ഭണ്ഡാര ~~ചെലവ്~~ വരവ് 54,83,94,358/- രൂപയാണ്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ 1357 ക്ഷേത്രങ്ങളാണ് ഉള്ളത് ലിസ്റ്റ് അനുബന്ധം. IV ആയി ചേർത്തിരിക്കുന്നു. കേന്ദ്രീകൃത സംവിധാനം നിലവിലില്ലാത്തതിനാൽ ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം മലബാർ ദേവസ്വം ബോർഡിൽ ലഭ്യമല്ല. കൂടാതെ ഈ കണക്കുകൾ ക്ഷേത്ര ഭരണസമിതികളാണ് കൈകാര്യം ചെയ്തു വരുന്നത്. |
| (സി) | ഹൈന്ദവ ആദ്ധ്യാത്മിക ബോധം വളർത്തുന്ന തിനായി ഈ ദേവസ്വം ബോർഡുകൾ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഓരോ ദേവസ്വവും ഏതൊക്കെ പ്രവൃത്തികളിലൂടെയാണ് ഹൈന്ദവ ആദ്ധ്യാത്മിക ബോധം വളർത്തുന്നതിനായി ശ്രമിച്ചത് എന്ന് വിശദമാക്കാമോ; | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ മത പാഠശാലകളുടെ പ്രവർത്തനത്തിനായും ആദ്ധ്യാത്മിക പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന തിനായും 2016-17 ൽ യഥാക്രമം 9714000/-രൂപയും 3,00,000 രൂപയും വകയിരുത്തി യിരുന്നു. കൊച്ചിൻ ദേവസ്വം ബോർഡ് |

5,00,000 രൂപയും വകയിരുത്തിയിരുന്നു.

മലബാർ ദേവസ്വം ബോർഡിൽ ഈ ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചില പ്രധാന ക്ഷേത്രങ്ങളിലും ഗുരുവായൂർ ദേവസ്വത്തിലും ആദ്ധ്യാത്മിക, സപ്താഹ പ്രഭാഷണങ്ങൾ നടത്തി വരുന്നു.

(ഡി) ദേവസ്വം ബോർഡുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഈ സ്ഥാപനങ്ങളിൽ ന്യൂനപക്ഷങ്ങൾക്ക് എത്രത്തോളം പ്രാതിനിധ്യം കൊടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) ഗുരുവായൂർ ദേവസ്വത്തിൻ കീഴിൽ

1. ശ്രീകൃഷ്ണ കോളേജ്.

2. ശ്രീകൃഷ്ണ ഹയർ സെക്കന്ററി സ്കൂൾ

3. ഗുരുവായൂർ ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവ പ്രവർത്തിച്ചു വരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ

1. ശ്രീ കേരള വർമകോളേജ്, തൃശ്ശൂർ

2. ശ്രീ വിവേകാനന്ദ കോളേജ്, കുന്നംകുളം.

3. പാഠശാല സംസ്കൃത ഹൈസ്കൂൾ ചിറ്റൂർ

എന്നിവ പ്രവർത്തിച്ചു വരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ സ്ഥാപനങ്ങളിൽ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പ്രാതിനിധ്യം നൽകുന്നില്ല.

സെക്ഷൻ ഓഫീസർ